**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1192** **07-12-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ മംഗലംഡാം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ മംഗലംഡാം കുടിവെള്ള പദ്ധതിയുടെ നിലവിലെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | സ്റ്റേറ്റ് പ്ലാൻ ഒപ്റ്റിമൈസേഷൻ & ട്രാൻസ്മിഷൻ-2014-15ൽ ഉൾപ്പെടുത്തി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി & കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കു വേണ്ടി മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 17.95 കോടി രൂപയുടെ ഭരണാനുമതിയും ഒന്നാം ഘട്ടത്തിലെ മറ്റു ഘടകങ്ങൾക്കായി 2കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>വിശദവിവരവും നിലവിലെ സ്ഥിതിയും അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ചു അനുബന്ധം -2 ആയി ചേർക്കുന്നു. |
| (ബി) | മംഗലംഡാം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | മംഗലംഡാം കുടിവെള്ള പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും 2024 മാർച്ച് 31 ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

ഒന്നാംഘട്ട പ്രവൃത്തിയിലുൾപ്പെട്ട – ***24.5 എം.എൽ.ഡി. ജലശുദ്ധീകരണ ശാല, 24.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും, ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി*** – പദ്ധതിയുടെ – 24.5 എം.എൽ.ഡി. ജലശുദ്ധീകരണശാല 70% പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഇതോടൊപ്പം മംഗലം ഡാമിൽ നിർമ്മിക്കുന്ന 24.50 ലക്ഷം സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സംഭരണിയുടെ കവർ സ്ലാബിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2 കോടി രൂപയുടെ ഭരണാനുമതിയിൽ ഡാമിനകത്ത് ഇൻടേക് ബ്രിഡ്ജിന്റെ പ്രവൃത്തിയും ഉൾപ്പെടുന്നു. ഇതിനു വേണ്ടി ജലസേചന വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയായ 58.50 ലക്ഷം രൂപ 09.06.2021 ന് ജല സേചന വകുപ്പിന് വാട്ടർ അതോറിറ്റി കൈമാറിയിട്ടുണ്ട്. ജലസേചന വകുപ്പിലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സ്ഥല നിർണ്ണയം നടത്തിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിലായി കിഫ്ബി 2017-18-ലുൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായി നാല് പാക്കേജുകളായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 69.54 കോടി രൂപയുടെ ഭരണാനുമതി നൽകി.

ആദ്യ പാക്കേജിൽ വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായി വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പ്രവൃത്തി 72% പൂർത്തീകരിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ 14.50 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 9.50 കി.മീ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു.

രണ്ടാം പാക്കേജിൽ കരിങ്കുന്നത്തുള്ള ജല സംഭരണിയിൽ നിന്നും 167 കി.മി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 110 കി.മീ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. വടക്കഞ്ചേരി പഞ്ചായത്തിൽ ചീക്കോട് മുതൽ പന്നിയങ്കര ടോൾ പ്ലാസ വരെ NHAI യുടെ ഇരുവശങ്ങളിലുമായി 15 കി.മീ നീളത്തിലും വടക്കഞ്ചേരിയിൽ NHAI യ്ക്ക് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി NHAI യുടെ അനുമതി ലഭിക്കുമ്പോൾ ആരംഭിക്കുന്നതാണ്. കൂടാതെ വടക്കഞ്ചേരി പഞ്ചായത്തിലെ കോൺക്രീറ്റ് റോഡുകളിലും ഡി.എൽ.പി. കഴിയാത്ത പി.ഡബ്ല്യു.ഡി റോഡുകളിലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുമ്പോൾ 16 കി.മീ ഓളം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതാണ്. ഈ പാക്കേജിന്റെ 66% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മൂന്നാമത്തെ പാക്കേജിൽ വണ്ടാഴി പഞ്ചായത്തിൽ 120 കി.മീ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 42 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. ഈ പ്രവൃത്തിയുലുൾപ്പെട്ട ജലസേചന കനാലിനു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർമ്മിക്കുന്ന പൈപ്പ് ക്യാരിയിങ്ങ് ബ്രിഡ്ജിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നാലാമത്തെ പാക്കേജിൽ കണ്ണമ്പ്ര പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**അനുബന്ധം – 2**

## വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുളിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | വണ്ടാഴി | 6872 | 2047.76 | 0 |
| 2 | കിഴക്കഞ്ചേരി | 7583 | 8103.26 | 1520 |
| 3 | കണ്ണമ്പ്ര | 3860 | 3860.34 | 954 |
| | **ആകെ** | **18315** | **14011.36** | **2474** |

1. കിഴക്കഞ്ചേരി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും – ഭരണാനുമതി തുക – 44.8 കോടി രൂപ (4000 കണക്ഷനുകൾ) –19.12.2022 അവസാന തീയതിയായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

2. വണ്ടാഴി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും– ഭരണാനുമതി തുക – 8.8 കോടി രൂപ (6055 കണക്ഷനുകൾ) –22.12.2022 അവസാന തീയതിയായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിൽ ടാങ്കുകളും വിതരണ ശൃംഖലകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതിയ്ക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പഞ്ചായത്തുകളുടെ ഉയർന്ന പ്രദേശങ്ങളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിച്ച് ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 20,000 ലിറ്റർ, 12 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 ഉന്നതതല ജലസംഭരണികൾ, 2 ബൂസ്റ്റർ പമ്പ് ഹൗസുകൾ എന്നിവയ്ക്കും കവളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിക്കുമുള്ള സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്. അവ കിഴക്കഞ്ചേരി പഞ്ചായത്ത് ഏറ്റെടുത്ത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.